# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2569 — 12.02.2019-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണ നിരക്ക്

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എൻ. ഷംസുദ്ദീൻ :</td><td colspan="2">എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)</td></tr>
<tr><td>എ)</td><td>അട്ടപ്പാടിയിൽ 2016, 2017, 2018 എന്നീ വർഷങ്ങളിൽ ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കുട്ടികൾ ഓരോ വർഷവും മരണപ്പെട്ടു എന്നതിന്റെ വ്യക്തമായ കണക്ക് ലഭ്യമാക്കുമോ;</td><td>എ)</td><td>അട്ടപ്പാടിയിൽ 2016, 2017, 2018 എന്നീ വർഷങ്ങളിൽ ആകെ 35 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.<br><table><tr><td>2016</td><td>8</td></tr><tr><td>2017</td><td>14</td></tr><tr><td>2018</td><td>13</td></tr><tr><td>ആകെ</td><td>35</td></tr></table></td></tr>
<tr><td>ബി)</td><td>അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?</td><td>ബി)</td><td>ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• പാചകം ചെയ്ത ഭക്ഷണം നൽകുന്ന അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.<br>• വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടി കൾക്കും പോഷകാഹാര വിതരണം.<br>• പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.<br>• സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.<br>• അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.<br>• ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.</td></tr>
</table>

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.

പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറഞ്ഞിട്ടുണ്ട്.
- അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഹോം ഡെലിവറി 64 (2013)ൽ നിന്ന് 6 (2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 4 (2018) ആയി കുറഞ്ഞിട്ടുണ്ട്.

പോഷകാഹാരകുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**